# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4921 — 23.03.2018-ൽ മറുപടിയ്ക്ക്

## കോങ്ങാട് മണ്ഡലത്തിലെ പാമ്പൻതോട് കോളനി റോഡ്

ചോദ്യം
ശ്രീ.കെ.വി.വിജയദാസ്

മറുപടി
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | കോങ്ങാട് മണ്ഡലത്തിലെ പാമ്പൻതോട് പട്ടിക വർഗ്ഗ കോളനി റോഡ് നിർമ്മാണതിനായി ഭരണാനുമതി ലഭിച്ചിട്ടും കാലതാമസം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകമോ; | എ) | ഉണ്ട്. കോങ്ങാട് മണ്ഡലത്തിലെ പാമ്പൻതോട് പട്ടികവർഗ്ഗ കോളനി റോഡ് നബാർഡ് RIDF 20 പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ടി റോഡ് ഉൾപ്പെടെ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് (KSCC) നിർമ്മാണാനുമതിയുള്ള റോഡുകളുടെയെല്ലാം നിർമ്മാണ പൂർത്തീകരണ കാലാവധി 31/12/2017 വരെയായിരുന്നു. ടി റോഡ് നിർമ്മാണം സംബന്ധിച്ച് വനാവകാശ നിയമപ്രകാരമുള്ള വനംവകുപ്പിന്റെ അനുമതി ലഭിച്ചത് 2017 സെപ്തംബർ മാസത്തിലാണ്. ടി സാഹചര്യത്തിൽ ടെണ്ടറിംഗ് നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് 8 മാസത്തോളം ആവശ്യമായി വരുമെന്നും, സമയപരിധി നീട്ടി കൊടുക്കണമെന്നും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ നിരവധി പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാൻ ശേഷിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വർക്കിന് |

| | | | |
|---|---|---|---|
| | | | മാത്രമായി കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് ഉചിതമല്ലായെന്ന് കണ്ടതിനാൽ 2017 ഡിസംബർ 15-ന് ശേഷം പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി പരിശോധിച്ച് കാലാവധി നീട്ടി നൽകുന്ന കാര്യം പരിഗണിക്കാമെന്ന് വകുപ്പ് തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് കാലാവധി നീട്ടി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ഈ റോഡിന്റെ പണി പൂർത്തീകരണത്തിനായി എന്തെങ്കിലും തടസ്സങ്ങളുണ്ടോ; | ബി) | നിലവിൽ തടസ്സങ്ങളൊന്നുമില്ല. |
| സി) | ഈ റോഡിന്റെ പണി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് അടിയന്തരമായി നിർദ്ദേശം നൽകുമോ? | സി) | ടി റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നിർമ്മാണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ